പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6325 11.7.2012 ൽ മറുപടിയ്ക്ക്

**വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ**

ചോദ്യം | മറുപടി

ശ്രീ. റ്റി.വി.രാജേഷ് | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വികലാംഗർക്ക് തൊഴിൽ ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) G.O(P)No.8/10/SWD dated 1.2.2010 പ്രകാരം 3% വികലാംഗ സംവരണം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിശ്ചിത തസ്തികകളിലേയ്ക്കും ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തസ്തികകൾ കണ്ടെത്തി വിജ്ഞാപനത്തിൽ ഉൾക്കൊള്ളിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) വികലാംഗർക്കുള്ള സംവരണ തസ്തികകളിലേയ്ക്ക് പി.എസ്.സി വഴി നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലേയ്ക്ക് 3% സംവരണതത്വം പാലിച്ചുകൊണ്ട് 1.1.2008 മുതൽ പി.എസ്.സി നിയമന ശുപാർശ നടത്തുന്നത്. വികലാംഗർക്കായുള്ള ഊഴങ്ങളിൽ (33, 66, 99) ടി വിഭാഗക്കാർ ലഭ്യമല്ലാതാകുന്ന പക്ഷം അവർക്കായി NCA വിജ്ഞാപനം പുറപ്പെടുവിച്ച് ടി ഊഴങ്ങൾ നികത്താനുള്ള നടപടികൾ സ്വീകരിക്കുന്നു. കൂടാതെ 1.1.2004 മുതൽ 31.12.2007 വരെയുള്ള കാലയളവിലെ വികലാംഗർക്കായുള്ള ബാക്ക് ലോഗ് ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിന് 30.4.2012 ലെ അസാധാരണ ഗസറ്റിൽ കാറ്റഗറി നമ്പർ 208 മുതൽ 284 വരെയുള്ള തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 1047 ബാക്ക് ലോഗ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 930 ഒഴിവുകളിലേയ്ക്കാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. |

| | |
|---|---|
| (സി)വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര പേരെ നിയമിച്ചു; വിശദാംശം നൽകുമോ? | (സി) വികലാംഗർക്കായി 3% സംവരണം ഉള്ള തസ്തികകളിലേയ്ക്ക് വികലാംഗർക്കായി (ബാക്ക് ലോഗ് ഒഴിവുകൾ ഒഴികെ) മാത്രം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാറില്ല. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് 3% സംവരണതത്വം പാലിച്ച് നിയമന ശുപാർശ നൽകി വരുന്നു. 1.1.2008 മുതൽ 31.5.2012 വരെ സംവരണ തത്വം പാലിച്ച് കൊണ്ട് 1365 വികലാംഗ ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ